# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**മാർച്ച് 2023**

എഡിറ്റർ :ഫാത്തിമ ഫർഹാന | ചീഫ് എഡിറ്റർ :സിയ കെ | സില്യ ജാസ് മുഹമ്മദ് അസ്സാദ് മുഹമ്മദ് ആദിൽ അദ്നാൻ വി പി

## അവാർഡ് വിതരണം



കൊടുവള്ളി :ജില്ലാതലത്തിൽ നടത്തിയ അൽ മാഹിർ ടാലൻറ് എക്സാമിനേഷനിൽ വിജയികളായ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അവാർഡ് ദാനവും നടത്തി . പിടിഎ പ്രസിഡൻറ് ആർ വി റഷീദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വാർഡ് കൗൺസിലർ ഹഫ്സത്ത് ബഷീർ അവാർഡുകൾ വിതരണം ചെയ്തു. അറബിക് ക്ലബ് കൺവീനർ ഹൈദ്രോസ് സർ സ്വാഗതവും മുഹമ്മദ് ഷാഫി സാർ നന്ദിയും പറഞ്ഞു. പ്രധാനാധ്യാപകൻ അസീസ് സർ ,സീനിയർ അസിസ്റ്റൻറ് സേതുമാധവൻ സർ, യുപി സീനിയർ അസിസ്റ്റൻറ് ബഷീർ സർ, സ്റ്റാഫ് സെക്രട്ടറി രമേശൻ സാർ, എൻ പി റഷീദ് സാർ എന്നിവർ സംസാരിച്ചു.

## പറവകൾക്ക് തണ്ണീർക്കുടം



കൊടുവള്ളി :കൊടുവള്ളി ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂൾ സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പറവകൾക്ക് തണ്ണീർക്കുടമൊരുക്കുന്ന പദ്ധതിക്ക് തുടക്കമായി. വിദ്യാലയത്തിലും വീടുകളിലും പൊതുസ്ഥലങ്ങളിലും പരമാവധി തണ്ണീർക്കുടങ്ങൾ സ്ഥാപിക്കാനുദ്ദേശിച്ച് കൊണ്ടുള്ള പദ്ധതിയുടെ ഉദ്ഘാടനം വാർഡ് കൗൺസിലർ ഹഫ്സത്ത് ബഷീർ നിർവ്വഹിച്ചു. പി. ടി. എ. പ്രസിഡന്റും എസ്. പി. സി. ഗാർഡിയൻ പ്രസിഡന്റുമായ അബ്ദുൽ റഷീദ്. ആർ. വി അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ ടി. അസീസ് സ്വാഗതവും എസ്. പി. സി. കേഡറ്റ് അഫ്ഷാൻ നന്ദിയും പറഞ്ഞു. പി. ടി. എ വൈസ് പ്രസിഡന്റ് സി. കെ ജലീൽ, സീനിയർ അസിസ്റ്റന്റ് പി. സി. സേതുമാധവൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ അമീർ, മുബീന , എസ്. പി. സി കേഡറ്റ് ഫാത്തിമ നിദ തുടങ്ങിയവർ ആശംസകൾ നേർന്നു. ചടങ്ങിൽ എസ്. പി. സി. ക്വിസ് മത്സര വിജയികളായ അശ്വന്ത് സുനീഷ്, അഭിനവ്, മുഹമ്മദ് സഹൽ എന്നിവർക്ക് ട്രോഫികൾ വിതരണം ചെയ്തു. കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായ കെ. മുഹമ്മദ്. , വി. സുബൈദ എന്നിവർ നേതൃത്വം നല്കി.



അറബിക് ടാലൻറ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾ



യുവജന ക്ഷേമ ബോർഡ് കൊടുവള്ളി നിയോജകമണ്ഡലം സയൻസ് ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച അശ്വന്ത് സുനീഷ് ,അമാനി അമീൻ





കൊക്കോ ടൂർണമെന്റിൽ നിന്നും







എസ്. പി. സി. ക്വിസ് മത്സര വിജയികളായ മുഹമ്മദ് സഹൽ, അശ്വന്ത് സുനീഷ്, അഭിനവ് സൂരജ്

## മാർച്ച് മാസത്തിലൂടെ.......

മാർച്ച് 1
എടിഎൽ ലാബിൽ ക്ലാസ് നടന്നു.
ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള റൂട്ടീൻ ക്ലാസ് നടന്നു
മാർച്ച് 2
പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് 2020– 2023 ബാച്ച് അംഗങ്ങൾക്കുള്ള സെൻറ് ഓഫ് പരിപാടി നടന്നു.
മാർച്ച് 4
8, 9 ക്ലാസുകളിലെ ഐടി വാർഷിക പരീക്ഷ ആരംഭിച്ചു.

മാർച്ച് 6
എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കായുള്ള വാർഷിക ഐടി പരീക്ഷഐടി ലാബിൽ വെച്ച് നടത്തി.
എസ്. ആർ ജി മീറ്റിംഗ് നടന്നു.
ട്രാൻസ്ഫർ ആയ അധ്യാപകർക്കുള്ള സെൻറ് ഓഫ് പരിപാടി നടന്നു.

മാർച്ച് 7
എട്ടാം ക്ലാസിലെ വാർഷിക ഐടി പരീക്ഷ ലാബിൽ വെച്ച് നടത്തി.
യവജന ക്ഷേമ ബോർഡ് കൊടുവള്ളി നിയോജകമണ്ഡലം സയൻസ് ക്വിസ് മത്സരത്തിൽ ഒമ്പതാം ക്ലാസിലെ അശ്വന്ത് സുനീഷ് എട്ടാം ക്ലാസിലെ അമാനി അമീൻ എന്നീ കുട്ടികൾക്ക് ഒന്നാം സ്ഥാനം ലഭിച്ചു.
എസ്പിസിയുടെ ആഭിമുഖ്യത്തിൽ പറവകൾക്കൊരു തണ്ണീർകുടം പദ്ധതിക്ക് തുടക്കമായി. അറബിക് ടാലൻറ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികളെ അറബിക്ക ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ അനുമോദിച്ചു.
മാർച്ച് 8
എസ്എസ്എൽസി ആദ്യ പരീക്ഷയായ അറബിക്, മലയാളം വിഷയങ്ങളിൽ കുട്ടികൾക്കുള്ള സംശയനിവാരണ ക്ലാസുകൾ നടത്തി.
കൊടുവള്ളി സബ്ജില്ലാ സയൻസ് ക്ലബ് യാത്രയയപ്പ് നടന്നു.

മാർച്ച് 10
ഒൻപതാം ക്ലാസ്സിലെ വാർഷിക ഐടി പരീക്ഷ ലാബിൽ വച്ച് നടന്നു.
മാർച്ച് 10 11 തീയതികളിലായി എസ്എസ്എൽസി വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് സംശയനിവാരണ ക്ലാസുകൾ നടന്നു.
മാർച്ച് 14
ഈ വർഷം റിട്ടയേഡ് ആവുന്ന ഫിറോസ് സർ,മുഹമ്മദ് ഇഖ്ബാൽ സർ,കെ സി മുഹമ്മദ് സാർ എന്നീ അധ്യാപകർക്കുള്ള യാത്രയയപ്പ് പരിപാടി നടന്നു.
എസ്എസ്എൽസി വിദ്യാർത്ഥികൾക്കായുള്ള ഹിന്ദി സംശയനിവാരണ ക്ലാസുകൾ നടന്നു.

മാർച്ച് 15
മാർച്ച് 15 ,16 തീയതികളിൽ എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി കെമിസ്ട്രി സംശയനിവാരണ ക്ലാസുകൾ നടന്നു.
മാർച്ച് 18
എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി സോഷ്യൽ സയൻസ് സംശയനിവാരണ ക്ലാസുകൾ നടത്തി.
ഏഴാം ക്ലാസിലെ ജെ ആർ സി അംഗങ്ങൾക്കുള്ള ബേസിക് ലെവൽ പരീക്ഷ ജി എച്ച് എസ് എസ് പന്നൂരിൽ വെച്ച് നടന്നു.
മാർച്ച് 21
എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി ബയോളജി സംശയനിവാരണ ക്ലാസുകൾ നടന്നു. ഒമ്പതാം ക്ലാസിലെ ഐടി പരീക്ഷ നടന്നു.
നാഷണൽ മീൻസ് കം മെറിറ്റ് പരീക്ഷ എഴുതിയ 65 വിദ്യാർഥികളിൽ 45 പേരും യോഗ്യത നേടി.

മാർച്ച് 23
എസ്എസ്എൽസി വിദ്യാർത്ഥികൾക്കായി ഫിസിക്സ് സംശയനിവാരണ ക്ലാസുകൾ നടന്നു.
8 ,9 ക്ലാസുകളിലെ ഐടി പരീക്ഷ ലൂസേർസ് ബാച്ച് നടന്നു.
മാർച്ച് 25
എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള കണക്ക് സംശയനിവാരണ ക്ലാസുകൾ നടത്തി.
മാർച്ച് 27
എടിഎൽ ലാബിലെ കുട്ടിശാസ്ത്രജ്ഞൻ മാർക്ക് ഐഎസ്ആർഒ യുടെ പേന സമ്മാനമായി നൽകി. എസ്എസ്എൽസി മലയാളം സംശയനിവാരണ ക്ലാസ് നടന്നു..

മാർച്ച് 28
അരിവിതരണം
മാർച്ച് 29
എസ്എസ്എൽസി പരീക്ഷ അവസാനിച്ചു.
മാർച്ച് 30,
അഞ്ചു മുതൽ 8 വരെ ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള അരി വിതരണം നടന്നു.
മാർച്ച് 31
സ്റ്റാഫ് മീറ്റിംഗ് നടത്തി. ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന ഇക്ബാൽ സാർ മുഹമ്മദ് സാർ ഫിറോസ് സാർ എന്നിവർക്കുള്ള യാത്രയയപ്പ് പരിപാടി നടന്നു. ഇഫ്ത്താർ വിരുന്ന് നടന്നു.

## ഫോട്ടോ ഗാലറി ജി എച്ച് എസ് എസ് കൊടുവള്ളി മാർച്ച് 2023



എ ഇ ഓ ആയി സ്ഥലം മാറിപ്പോകുന്ന പ്രധാനാധ്യാപിക ഗീത ടീച്ചർ







ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന ഫിറോസ് സാർ, ഇക് ബാൽ സാർ ,മുഹമ്മദ് സാർ



എസ്പിസി ട്രെയിനിങ് പൂർത്തിയാക്കിയ സുബൈദ ടീച്ചർ



സംസ്ഥാനതല പ്രൊജക്ട് മത്സരത്തിൽ കരസ്ഥമാക്കിയ ആസിഫ ടീച്ചർ









എടിഎൽ ലാബിലെ കുട്ടിശാസ്ത്രജ്ഞൻ മാർക്ക് ഐഎസ്ആർഒ യുടെ പേന സമ്മാനമായി നൽകുന്നു





എസ്എസ്എൽസി വിദ്യാർത്ഥികൾക്കുള്ള സംശയനിവാരണ ക്ലാസുകൾ



ലിറ്റിൽ കൈറ്റ്സ് 2020–2023 ബാച്ച് അംഗങ്ങൾക്കുള്ള സെൻറ് ഓഫ്



ഇഫ്ത്താർ വിരുന്ന്